പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7441 — 17.07.2012 ൽ മറുപടിയ്ക്ക്

തരിശായി കിടന്നിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ്<br>,, എം. വി. ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തരിശായി കിടന്നിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; | (എ) 2011-12 വർഷം തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സുസ്ഥിരനെൽകൃഷി വികസനം, സംസ്ഥാനഭക്ഷ്യസുരക്ഷാ പദ്ധതി, കുട്ടനാട് പാക്കേജ്, കോൺട്രാക്ട് ഫാമിംഗ് എന്നീ പദ്ധതികൾപ്രകാരം തരിശുനെൽകൃഷി പ്രോത്സാഹനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികൾ പ്രകാരം 3406.56 ഹെക്ടർ തരിശുനിലങ്ങൾ നെൽകൃഷിയ്ക്ക് ഉപയുക്തമാക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2012-13 വർഷം തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി RKVY പദ്ധതിപ്രകാരം കോൺട്രാക്ട് ഫാമിംഗ് രീതിയിൽ 400 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നു. ഹെക്ടറിന് 30000 രൂപയുടെ ആനുകൂല്യം (25000 രൂപ കർഷകനും 5000 രൂപ ഭൂവുടമയ്ക്കും) ഈ പദ്ധതിപ്രകാരം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. |

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് ഇപ്രകാരം കൃഷിയിറക്കി എന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ നല്കമോ;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3406.56 ഹെക്ടർ തരിശുനിലം വിവിധ പദ്ധതികൾ പ്രകാരം നെൽകൃഷിയ്ക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 55.00 |
| കൊല്ലം | 183.20 |
| പത്തനംതിട്ട | 269.94 |
| ആലപ്പുഴ | 320.00 |
| കോട്ടയം | 126.00 |
| ഇടുക്കി | 78.02 |
| എറണാകുളം | 257.97 |
| തൃശ്ശൂർ | 377.73 |
| പാലക്കാട് | 178.66 |
| മലപ്പുറം | 433.52 |
| കോഴിക്കോട് | 188.47 |
| വയനാട് | 200.28 |
| കണ്ണൂർ | 434.73 |
| കാസർകോഡ് | 303.00 |
| **ആകെ:** | **3406.56** |

**(സി)** കൃഷിക്ക യോഗ്യമല്ലെങ്കിലും എന്നാൽ തരിശായി കിടക്കുന്നതുമായ എത്ര ഹെക്ടർ ഭൂമി സംസ്ഥാനത്ത് ഇനി അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

**(സി)** ജില്ലകളിൽ നിന്നും ശേഖരിച്ച റിപ്പോർട്ടുകൾ പ്രകാരം കേരളത്തിൽ ഏകദേശം 29000 ഹെക്ടർ സ്ഥലം തരിശായി കൃഷിയോഗ്യമല്ലാതായി അവശേഷിക്കുന്നുണ്ട്.

**(ഡി)** സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമി മുഴുവൻ കൃഷിയിടമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**(ഡി)** സംസ്ഥാനത്ത് തരിശായി കിടക്കുന്ന കൃഷിയോഗ്യമായ തരിശു ഭൂമി മുഴുവനും ഘട്ടം ഘട്ടമായി കൃഷിയിടമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ